മദ്യഷാപ്പ് ലേലം.

* 212. [24] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ മദ്യഷാപ്പുലേലത്തുകയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) മദ്യഷാപ്പ് ലേലംസംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായതായി ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇക്കൊല്ലത്തെ (1955-56-ലെ) മദ്യഷാപ്പ് ലേലത്തുക കഴിഞ്ഞതായാണ്ടത്തെ (1954-55-ലെ) ലേലത്തുകയിൽനിന്നും 14,45,430 രൂപ കുറവാണ്.

(ബി) പൊതുവെയുള്ള സാമ്പത്തികാധഃപതനമാണ്. പ്രത്യേകിച്ചും മലഞ്ചരക്കുകളുടെ വിലക്കുറവുനിമിത്തം സംസ്ഥാനത്തിലെ വടക്കൻ പ്രദേശങ്ങളിൽ മദ്യഷാപ്പുലേലത്തുകയും കുറഞ്ഞുപോയിട്ടുണ്ട്.

(സി) കൊല്ലം താലൂക്ക് കള്ളുഷാപ്പുകളുടെ ലേലം സംബന്ധിച്ചും തൃശ്ശൂർ ടൗൺ വിദേശമദ്യഷാപ്പുലേലം സംബന്ധിച്ചും പരാതിഹർജികൾ ഗവണ്മെൻറിന ലഭിച്ചിട്ടുണ്ടായിരുന്നു. അന്വേഷണത്തിൽ കൊല്ലം താലൂക്കിലെ കള്ളുഷാപ്പുലേലത്തിൽ യാതൊരു ക്രമക്കേടും ഉണ്ടായിരുന്നില്ലെന്ന് ഗവണ്മെൻറിന ബോധ്യമായി. തൃശ്ശൂർ ടൗൺ വിദേശമദ്യഷാപ്പിന്റെ ആദ്യലേലത്തിൽ ചേരാൻ എല്ലാവർക്കും അവസരം കിട്ടിയില്ലാ എന്ന കാരണത്തിന്മേൽ പ്രസ്തുതഷാപ്പ് പുനർലേലം ചെയ്യാൻ ഗവണ്മെൻറുത്തരവിട്ടു.

ശ്രീ. കെ. ടി. തോമസ്: മദ്യഷാപ്പ് ലേലംസംബന്ധിച്ച് മൊത്തത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല.

കുഴൽക്കിണർ.

* 213.† [25] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്ത് എത്ര കുഴൽക്കിണർ തീർത്തിട്ടുണ്ട്; അവ എവിടെയൊക്കെ;

(ബി) കുമരം, തിരുവാർപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വേനൽക്കാലത്ത് ഓരുവെള്ളം വർഷകാലത്ത് കലക്കവെള്ളം കൂടിക്കുന്നതിനു നല്ല വെള്ളം കിട്ടാത്തതിനാൽ കഴിയുന്നതും വേഗം ടി സ്ഥലങ്ങളിൽ ആവശ്യമായ കുഴൽക്കിണർ തീർക്കണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

† As the member was absent, the question was put by Shri Prakulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly